# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

## ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്

### തിരുവനന്തപുരം

website: www. Forest.kerala.gov.in, Email: fibnews@gmail.com, Ph. 0471- 2529145


# പത്രക്കുറിപ്പ്

തീയതി: 17.05.2018

**വനശ്രീ ആറ്റുമണൽ വിതരണോദ്ഘാടനം ഇന്ന് (മെയ് 18)**

തിരുവനന്തപുരം വനം ഡിവിഷന കീഴിലുള്ള കുളത്തൂപ്പുഴയിലെ വനശ്രീ ആറ്റുമണൽ വിതരണ കേന്ദ്രത്തിൽ നിന്നുള്ള മണൽ വിതരണത്തിന്റെ ഉദ്ഘാടനം ഇന്ന് (മെയ് 18) വൈകിട്ട് 3.30 ന വനം-വന്യജീവി വകുപ്പുമന്ത്രി അഡ്വ.കെ.രാജു നിർവ്വഹിക്കും. കുളത്തൂപ്പുഴ ഫോറസ്റ്റ് റെയിഞ്ചിലെ വി.എസ്.എസ്. അംഗങ്ങൾക്കുള്ള സൗജന്യ പാചക വാതക കണക്ഷൻ വിതരണവും അദ്ദേഹം നിർവ്വഹിക്കും. കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. നളിനിയമ്മ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ എൻ.കെ.പ്രേമചന്ദ്രൻ എം.പി. മുഖ്യപ്രഭാഷണം നടത്തും. കാർഷിക തൊഴിൽ ഉപകരണങ്ങളുടെ വിതരണം അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രഞ്ചു സുരേഷും കൊല്ലായിൽ ഗവ. എൽ.പി.എസിന അനുവദിച്ച കമ്പ്യൂട്ടറുകളുടെ വിതരണം കൊല്ലം ജില്ലാ പഞ്ചായത്ത് അംഗം കെ. ആർ. ശ്രീജയും നിർവ്വഹിക്കും.

കുളത്തൂപ്പുഴ ഗ്രീൻവാലി ആഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ വിവിധ രാഷ്ട്രീയകക്ഷി നേതാക്കൾ തുടങ്ങിയവർ സംസാരിക്കും. ചടങ്ങിൽ തിരുവനന്തപുരം ഡി.എഫ്.ഒ. ഡി.രതീഷ് റിപ്പോർട്ട് അവതരിപ്പിക്കും. കൊല്ലം സതേൺ സർക്കിൾ സി.സി.എഫ്. കെ. വിജയനന്ദൻ സ്വാഗതം ആശംസിക്കുന്ന ചടങ്ങിൽ കുളത്തൂപ്പുഴ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ അബ്ദുൾ ജലീൽ നന്ദി പറയും.

പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ